അബൂഹസന കുന്ദമംഗലം

# 'റയ്യാനി'ലൂടെത്തന്നെയാവട്ടെ വിശ്വാസികളുടെ സ്വർഗപ്രവേശം

عَنْ سَهْلِ بْنِ سَعْدٍ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ فِي الْجَنَّةِ بَابًا يُقَالُ لَهُ الرَّيَّانُ، يَدْخُلُ مِنْهُ الصَّائِمُونَ يَوْمَ الْقِيَامَةِ لاَ يَدْخُلُ مِنْهُ أَحَدٌ غَيْرُهُمْ، فَإِذَا دَخَلُوا أُغْلِقَ فَلَمْ يَدْخُلْ مِنْهُ أَحَدٌ (بخاري، مسلم).

**സഹ്‌ലുബ്‌നു സഅ്ദി(റ)ൽ നിന്ന്: നബി(സ) പറഞ്ഞു: "സ്വർഗത്തിന് റയ്യാൻ എന്ന് പേരുള്ള ഒരു കവാടമുണ്ട്. അന്ത്യനാളിൽ നോമ്പുകാർ ആ കവാടത്തിലൂടെയാണ് കടന്നുപോവുക. അവരല്ലാതെ മറ്റാരും അതിലൂടെ കടന്നുപോവുകയില്ല. അവർ പ്രവേശിച്ചുകഴിഞ്ഞാൽ ആ വാതിൽ അടക്കപ്പെടുന്നതാണ്. പിന്നീട് മറ്റാരും അതിലൂടെ കടക്കുകയില്ല" (ബുഖാരി, മുസ്‌ലിം).**

പരിശുദ്ധ റമദാന്റെ പുണ്യവും ശ്രേഷ്ഠതയും വിവരിക്കുന്ന ഹദീസുകൾ നിരവധിയാണ്. ഈ മാസത്തിൽ നിർബന്ധമാക്കപ്പെട്ട വ്രതാനുഷ്ഠാനത്തിന് ലഭിക്കുന്ന പ്രതിഫലത്തിന്റെ മഹത്വത്തെക്കുറിച്ച് ഇത്തരം വിവരണങ്ങൾ ഏറെ ചിന്തനീയമാണ്. അനുഷ്ഠാന കർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് നമസ്കാരമാണെന്നും അതേക്കുറിച്ചാണ് അന്ത്യനാളിൽ ആദ്യമായി ചോദ്യം ചെയ്യപ്പെടുകയെന്നും ഗൗരവസ്വരത്തിൽ പറഞ്ഞുതന്നിട്ടുള്ള പ്രവാചകൻ തന്നെയാണ് റമദാനിലെ വ്രതാനുഷ്ഠാനത്തിന്റെ മഹത്വത്തെ സംബന്ധിച്ചും സംസാരിക്കുന്നത്. നമസ്കാരക്കാർക്കും സകാത്ത് ദായകർക്കും മറ്റും സ്വർഗ പ്രവേശത്തിന് പ്രത്യേകം പ്രത്യേകം കവാടങ്ങളുണ്ടായിരിക്കുമെന്നും പറഞ്ഞുതന്നിരിക്കുന്നു. എന്നാൽ നോമ്പുകാർക്ക് മാത്രമായുള്ള കവാടത്തെ മഹത്വവൽക്കരിച്ചും സവിശേഷപ്പെടുത്തിയും പ്രതിപാദിച്ച പോലെ മറ്റൊരു കവാടത്തെയും വിശേഷിപ്പിച്ചുകണ്ടിട്ടില്ല. ഈ കവാടത്തിന്റെ പേര് 'റയ്യാൻ' എന്നാണെന്നും, നോമ്പുകാരനല്ലാതെ മറ്റാരും അതിലൂടെ പ്രവേശിക്കുന്ന പ്രശ്നമില്ലെന്നും മുഴുവൻ നോമ്പുകാരും അതിലൂടെ കടന്നുകഴിഞ്ഞാലുടനെത്തന്നെ അത് കൊട്ടിയടക്കപ്പെടുമെന്നും പിന്നെ മറ്റാർക്കും അതിലൂടെ പ്രവേശനമനുവദിക്കുകയില്ലെന്നും നബി (സ) പ്രസ്താവിക്കുമ്പോൾ, വിശുദ്ധ റമദാനെ എത്ര ആഹ്ലാദത്തോടെയും ആവേശത്തോടെയുമായിരിക്കണം വിശ്വാസിസമൂഹം വരവേൽക്കേണ്ടതും ആചരിക്കേണ്ടതും എന്നതിന്റെ പ്രാധാന്യമാണ് ബോധ്യപ്പെടുന്നത്.

കാരുണ്യവാനായ അല്ലാഹു അവന്റെ അടിയാറുകൾക്ക് വേണ്ടി പ്രത്യേകം തെരഞ്ഞെടുത്ത് സമ്മാനിച്ച മാസമാണ് റമദാൻ. അതിനാൽ അതിന്റെ അമൂല്യമായ നിമിഷങ്ങളൊന്നും തന്നെ പാഴാക്കാതെ നോക്കാൻ വിശ്വാസി ബാധ്യസ്ഥനാണ്. അതിലെ ഒരു പുണ്യവും നന്മയും തനിക്ക് തടയപ്പെടരുത് എന്നതിൽ അവൻ ബദ്ധശ്രദ്ധനായിരിക്കണം. ഒരു റമദാന്റെ പടിവാതിൽക്കൽവെച്ച് അതിന്റെ മഹത്വവും പുണ്യവും സംബന്ധിച്ച് അനുയായികളുടെ സത്വര ശ്രദ്ധ ക്ഷണിച്ചുകൊണ്ട് നബി (സ) പറഞ്ഞു: ''സുബ്ഹാനല്ലാഹ്! ഏതൊന്നിനെയാണ് നിങ്ങൾ അഭിമുഖീകരിക്കാൻ പോകുന്നത്! എന്താണ് നിങ്ങളിലേക്ക് വന്നുകൊണ്ടിരിക്കുന്നത്!'' ഇതുകേട്ട ഉമർ (റ): 'അല്ലാഹുവിന്റെ റസൂലേ, എന്താണ് കാര്യം? വല്ല ദിവ്യവചനവും അവതരിച്ചുവോ, അതോ (ആക്രമണോത്സുകമായ) വല്ല ശത്രുസാന്നിധ്യത്തെയും സംബന്ധിച്ചാണോ അങ്ങ് സംസാരിക്കുന്നത്?' നബി(സ)യുടെ മറുപടി: ''കാര്യം അതൊന്നുമല്ല. മറിച്ച് റമദാനിലെ ആദ്യരാത്രിയിൽ തന്നെ ഈ ഖിബ്‌ലയുടെ അവകാശികൾക്കെല്ലാം അല്ലാഹു പൊറുത്തുകൊടുത്തിരിക്കുന്നു. എന്നാൽ കപട വിശ്വാസി കാഫിറാണ്. ഈ അനുഗ്രഹത്തിൽനിന്ന് ഒന്നും തന്നെ അവന് ലഭിക്കുകയില്ല'' (ബൈഹഖി).

ഒരു റമദാൻ സമാഗതമായപ്പോൾ നബി(സ) പറഞ്ഞു: ''ഇതാ നിങ്ങളുടെ മാസം-റമദാൻ-നിങ്ങൾക്കുമേൽ തണലിട്ടിരിക്കുന്നു. ഈ മാസത്തേക്കാൾ ശ്രേഷ്ഠമായി മറ്റൊരു മാസവും മുസ്‌ലിംകൾക്ക് ഇല്ല. ഇതിനേക്കാൾ ഉപദ്രവകരമായ മറ്റൊരു മാസം കപടവിശ്വാസികൾക്കും ഇല്ല. നിങ്ങളറിയണം, ഈ മാസത്തിന്റെ പുണ്യവും പ്രതിഫലവും. അത് വന്നെത്തുന്നതിനു മുമ്പേ അല്ലാഹു രേഖപ്പെടുത്തിവെക്കുന്നുണ്ട്. അതുപോലെത്തന്നെയാണ് (കപടവിശ്വാസികളെ സംബന്ധിച്ചേടത്തോളം) അതിന്റെ പാപവും നിർഭാഗ്യവും. ഈ മാസം ആഗതമാവുന്നതിനും മുമ്പേ അവയും അല്ലാഹു രേഖപ്പെടുത്തിവെക്കുന്നു. വിശ്വാസികൾക്ക് തീർച്ചയായും ഇത് ദൈവാരാധനക്ക് ശക്തി സംഭരിക്കാനുള്ള മാസമാണ്. കപടവിശ്വാസികൾക്കാകട്ടെ വിശ്വാസികളുടെ ന്യൂനതകളും പോരായ്മകളും പരതിനടക്കാനുള്ള കാലവും. അഥവാ, വിശ്വാസിക്ക് ഈ മാസം സമ്പാദ്യമായി ഭവിക്കുമ്പോൾ ദുർവൃത്തന് ഇത് ശിക്ഷയും ശാപവുമായിത്തീരുന്നു'' (അഹ്‌മദ്, ബൈഹഖി).

ശ്രേഷ്ഠ റമദാനിനെ വ്യഥാവിലാക്കി ദൈവകോപം ഏറ്റുവാങ്ങുന്ന നിർഭാഗ്യവാന്മാരിൽ യഥാർഥ വിശ്വാസികൾ പെട്ടുകൂടാ. താൻ നമസ്കരിക്കുന്നവനാണെങ്കിലും സകാത്ത് നൽകുന്നവനാണെങ്കിലും അല്ലാഹു ഏറെ മഹത്വവൽകരിച്ച് പറഞ്ഞ 'റയ്യാനി'ലൂടെ തന്നെ സ്വർഗപ്രവേശം ലഭിക്കുന്ന സൗഭാഗ്യവാന്മാരിൽതന്നെ പെടണം എന്ന അഭിലാഷവും പ്രാർഥനയും തദനുസാരമുള്ള പ്രവർത്തനങ്ങളുമായിരിക്കണം റമദാനിലുടനീളം വിശ്വാസികളിൽ മുന്നിട്ടുനിൽക്കേണ്ടത്. ●